അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്
തിരുവനന്തപുരം -695 001
ഫോൺ { ഓഫീസ് : 0471-2331458
ഫാക്സ് : 0471-2336042
ഇ-മെയിൽ : directorofprinting@gmail.com
dir.printing@kerala.gov.in

ഭരണഭാഷ-മാതൃഭാഷ

നമ്പർ: 5981/2020/ഇ 1/ഡിപി

തീയതി: 04.05.2021

# പരിപത്രം

വിഷയം:- അച്ചടി വകുപ്പ്, തിരുവനന്തപുരം - ജീവനക്കാര്യം - കോവിഡ് 19 വ്യാപനം തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ - സംസ്ഥാന സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സർക്കാരിന്റെ 21/04/2021 ലെ G.O (Rt) 378/21/DMD നമ്പർ ഉത്തരവ്.
2. സർക്കാരിന്റെ 30/04/2021 ലെ G.O (Rt) 391/21/DMD നമ്പർ ഉത്തരവ്.
3. സർക്കാരിന്റെ 03/05/2021 ലെ G.O (Rt) 397/21/DMD നമ്പർ ഉത്തരവ്.
4. സർക്കാരിന്റെ 03/05/2021 ലെ G.O (Rt) 394/21/DMD നമ്പർ ഉത്തരവ്.

സംസ്ഥാനത്ത് കോവിഡ് വ്യാപനം വർദ്ധിച്ച സാഹചര്യത്തിൽ കോവിഡ് 19 നിർവ്യാപന/പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സൂചന പ്രകാരം പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അച്ചടി വകുപ്പിൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. സൂചന (3) ഉത്തരവുപ്രകാരം പൂർണ്ണതോതിൽ പ്രവർത്തിക്കേണ്ട വകുപ്പുകളിൽ അച്ചടി വകുപ്പിനെ ഉൾപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ സർക്കാരിന്റെ പുതുക്കിയ കോവിഡ് മാനദണ്ഡങ്ങൾക്കനുസരണം സൂചന (3) ലെ ഉത്തരവിൽ നിഷ്കർഷിക്കുംപ്രകാരം അച്ചടി വകുപ്പിലെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനായി ആവശ്യമുള്ള ജീവനക്കാർ ഹാജരാകേണ്ടതാണ്. സാങ്കേതിക വിഭാഗം ജീവനക്കാർ അതാത് ഷിഫ്റ്റുകളിൽ തന്നെ ജോലിയ്ക്ക് ഹാജരാകേണ്ടതാണ്. ആയതിനുവേണ്ട ക്രമീകരണങ്ങൾ ശാഖാകാര്യാലയ മേധാവികൾ സ്വീകരിക്കേണ്ടതുമാണ്.

2. ജീവനക്കാർ കൂട്ടം ചേരുന്ന സാഹചര്യങ്ങൾ ഒഴിവാക്കാനും പൊതുജനങ്ങളുടെ പ്രവേശനം നിയന്ത്രിക്കാനും അതാത് കാര്യാലയങ്ങളിലെ സെക്യൂരിറ്റി വിഭാഗം ശ്രദ്ധിക്കേണ്ടതാണ്. ക്യാന്റീനിലും സെക്ഷനുകളിലും ജീവനക്കാർ സാമൂഹിക അകലം പാലിക്കേണ്ടതും കൂട്ടംകൂടിയിരുന്ന് ഭക്ഷണം കഴിക്കുവാൻ പാടില്ലാത്തതുമാണ്.

3. എല്ലാ കാര്യാലയങ്ങളുടെയും പ്രവേശന കവാടത്തിൽ സാനിറ്റൈസറിന്റെ ലഭ്യത ഉറപ്പാക്കേണ്ടതാണ്. കോവിഡ്-19 പ്രതിരോധത്തിന്റെ ഭാഗമായി Break The Chain ക്യാമ്പയിൻ പരിപാടിയുടെ നടപടിക്രമം എല്ലാ കാര്യാലയങ്ങളിലും കൃത്യമായി പാലിക്കേണ്ടതാണ്.

4. അച്ചടി വകുപ്പിൻ കീഴിലുള്ള എല്ലാ കാര്യാലയങ്ങൾക്കും ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ ശനിയാഴ്ച സർക്കാർ നിശ്ചയിച്ച പ്രകാരം അവധിദിനം ആയിരിക്കും

(മറുപുറം....2)

Scanned with CamScanner

5. അന്ധരുൾപ്പെടെയുള്ള ഭിന്നശേഷിക്കാരായ ജീവനക്കാർ നേരിട്ട് ജോലിയ്ക്ക് ഹാജരാകേണ്ടതി
സാധ്യമായ രീതിയിൽ വർക്ക് ഫ്രം ഹോം അനുവദിക്കേണ്ടതാണ്.

6. സർക്കാരിന്റെ പുതിയ നിർദ്ദേശം ലഭിക്കുന്നത് വരെ ഈ ക്രമീകരണം തുടരേണ്ടതാണ്.

അച്ചടി വകുപ്പ് ഡയറ

പകർപ്പ് :- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ/ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ/
എല്ലാ ശാഖാ കാര്യാലയമേധാവികൾക്കും/ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സീനിയർ സൂപ്ര
എല്ലാ സെക്ഷൻ മേധാവികൾ/സെക്യൂരിറ്റി ഓഫീസർ/ചീഫ് ടൈം കീപ്പർ/നോട്ടീസ് ബോ
ഫയൽ/കരുതൽ ഫയൽ.

Scanned with CamScanner